19026
25/11/16

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - നെടുമങ്ങാട്, പച്ച പി.ഒ., പാലോട്, കട്ടവാപാറ തടത്തരികത്തുവീട്ടിൽ ജോയിയുടെ മൂന്നുകുട്ടികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

സ.ഉ.(കയ്യെഴുത്ത്) നം:574/16/റവ. തിരുവനന്തപുരം, തീയതി, 21.11.2016

---

ഉത്തരവ്

നെടുമങ്ങാട്, പച്ച പി.ഒ., പാലോട്, കട്ടവാപാറ തടത്തരികത്തുവീട്ടിൽ ജോയിയുടെ മൂന്നുകുട്ടികളുടെയും സുരക്ഷിത ഭാവിക്കും വിദ്യാഭ്യാസത്തിനുമായി ഓരോ കുട്ടിക്കും 2,00,000/- രൂപ വീതം (രണ്ട് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക കുട്ടികളുടെ പേരിൽ ദേശസാത്കൃത ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നതിനും, പലിശ കുട്ടികളെ സംരക്ഷിക്കുന്ന ശ്രീമതി.എൽസിക്ക് (പരേതനായ ജോയിയുടെ മാതാവ്) ലഭിക്കത്തക്ക വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും, പതിനെട്ട് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ കുട്ടിക്കും നിക്ഷേപം പിൻവലിച്ച് തുക അവർക്ക് ലഭിക്കുന്ന വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

2. ടി ആവശ്യത്തിലേക്ക് വേണ്ടിവരുന്ന 6,00,000/- രൂപ (ആറ് ലക്ഷം രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും **തിരുവനന്തപുരം ജില്ലാ കളക്ടർക്ക്** നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പി.എച്ച്.കുര്യൻ
പ്രിൻസിപ്പൽ സെക്രട്ടറി

**ജില്ലാ കളക്ടർ, തിരുവനന്തപുരം.**

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്
സാമൂഹ്യനീതി വകുപ്പ്
ധനകാര്യ (ഫണ്ട്സ്)വകുപ്പ്/റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

33

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-11-2016.

ഫയൽ നം.83260/ഡിആർഎഫ്-എ1/2015/റവ ഇനം നം: 469

വിഷയം : റവന്യൂ വകുപ്പ് - നെടുമങ്ങാട്, പച്ച പി.ഒ., പാലോട്, കടുവാപാറ തടത്തരികത്തു വീട്ടിൽ ജോയിയുടെ മൂന്നു കുട്ടികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സാമ്പത്തിക സഹായവും സാമൂഹ്യ നീതി വകുപ്പിൽ നിന്ന് മറ്റെന്തെങ്കിലും സഹായങ്ങളും അനുവദിക്കാമോ എന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ :

13)

1) അംഗീകരിച്ചു. മൂന്ന് കുട്ടികളുടെയും സുരക്ഷിത ഭാവിക്കും വിദ്യാഭ്യാസത്തിനുമായി ഓരോ കുട്ടിക്കും രണ്ട് ലക്ഷം രൂപ (2,00,000/- രൂപ) വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് തീരുമാനിച്ചു. പ്രസ്തുത തുക കുട്ടികളുടെ പേരിൽ ദേശസാത്കൃത ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നതിനും, പലിശ കുട്ടികളെ സംരക്ഷിക്കുന്ന ശ്രീമതി എൽസിക്ക് (പരേതനായ ജോയിയുടെ മാതാവ്) ലഭിക്കതക്ക വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും, പതിനെട്ട് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഓരോ കുട്ടികൾക്കും നിക്ഷേപം പിൻവലിച്ച് തുക അവർക്ക് ലഭിക്കുന്ന വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

2) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Office of the Principal Secretary, Revenue Department

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

S/Rev

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.
സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.